## പ്രസിഡണ്ട് ദിൽമ റൂസേഫ് , പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി നടത്തിയ കൂടിക്കാഴ്ചയുടെ പത്ര കുറിപ്പ്

ജൂലൈ 16, 2014

ആറാമത് ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി , ബ്രസീൽ പ്രസിഡണ്ട് ദില്മ റൂസേഫ് , പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡിക്ക് ആതിഥ്യമരുളി . ഇത് ഉഭയകക്ഷി സന്ദർശനം അല്ലാതിരുന്നിട്ടും പ്രാതലിനോടനുബന്ധിച്ചുള്ള ചർച്ചകൾക്ക് മുൻപായി , പ്രസിഡണ്ട് റൂസേഫ് , പ്രധാനമന്ത്രി ശ്രീ മോഡിയെ പ്രത്യേകമായി പൂർണ സൈനിക ബഹുമതിയോടെ പ്രസിഡണ്ടിന്റെ കൊട്ടാരത്തിൽആദരപൂർവ്വം സ്വീകരിച്ചു. അതിഗംഭീരമായ ഫിഫ ലോക കപ്പ് മത്സരം ഒരുക്കിയതിനു പ്രധാനമന്ത്രി മോഡി , പ്രസിഡണ്ട് റൂസ്സേഫിനെയും ബ്രസീലിലെ ജനങ്ങളെയും അഭിനന്ദിച്ചു. ബ്രസീലിന്റെ മികവുറ്റ സംഘടനാ കഴിവുകളേയും അവരുടെ ഊഷ്മളമായ ആതിഥ്യമര്യാദയുമാണ് മത്സരം വെളിപ്പെടുത്തുന്നത് എന്ന് അദ്ദേഹം പറഞ്ഞു .വളരെ മികവോടെ ബ്രിക്സ് ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചതിന് പ്രത്യേകിച്ചും സൌത്ത് അമേരിക്കയിലെ നേതാക്കളുമായി ബ്രിക്സിൽ കൂടിക്കാഴ്ച ഒരുക്കിയത്തിനും അദ്ദേഹം പ്രസിഡണ്ട് റൂസെഫിനു നന്ദി പറഞ്ഞു ബ്രെസ്സേൽ സംഘസിപ്പിച്ച ആറാം ഉച്ചകോടിയെ ചരിത്രപരമായ ഒന്ന് എന്ന് അദ്ദേഹം വിശേഷിപ്പിച്ചു .- അത് രണ്ടു പ്രധാന കരാറുകള് ഉണ്ടാക്കി - ന്യൂ ഡെവലപ്മെന്റ് ബാങ്കും , ബ്രിക്സ് ആകസ്മികമായ കരുതൽ സൌകര്യങ്ങളും - ഉച്ചകോടിയിൽ പ്രസിഡണ്ട് റൂസേഫിന്റെ മാർഗനിർദേശങ്ങൾക്ക് അവരെ പ്രശംസിക്കുകയും ചെയ്തു . ഇന്ത്യയുടെ പ്രധാന ആഗോള പങ്കാളി ആണ് ബ്രസീൽ എന്ന് പ്രധാനമന്ത്രി വിശേഷിപ്പിച്ചു. രണ്ടു ജനാധിപത്യ രാജ്യങ്ങൾ, ഉയർന്നു വരുന്ന പ്രധാന സാമ്പത്തിക ശക്തികൾ എന്നാ നിലയിൽ ഇന്ത്യയുംബ്രസീലും ഉഭയകക്ഷി സഹകരണതിനുള്ള ശക്തി മാത്രമല്ല മറിച്ച് മാത്രമല്ല വികസ്വര ലോകത്തിന്റെ

വിശാലമായ താത്പര്യങ്ങൾ പോഷിപ്പിക്കുവാനും അന്താരാഷ്ട്ര വേദികളില് പരസ്പരം ശക്തിപകരാനും സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു . ബ്രസീലുമായുള്ള ഇന്ത്യയുടെ സാമ്പത്തിക ബന്ധങ്ങളിൽ പ്രഥമ സാരഥ്യം വഹിക്കാൻ ഗുജറാത്തിനു സാധിച്ചു എന്ന് അദ്ദേഹം പറഞ്ഞു . ,

ഉഭയകക്ഷി ബന്ധങ്ങൾക്കുള്ള സാധ്യതകളും പങ്കാളിത്തത്തിലെ അന്താരാഷ്ട്ര പ്രാധാന്യവും കണക്കിലെടുത്ത് ബ്രസീലിന്റെ വിദേശകാര്യ നയങ്ങളില് ഈ ബന്ധത്തിനുള്ള വിശേഷസ്ഥാനത്തെ കുറിച്ച് പ്രസിഡണ്ട് റൂസേഫ് ഊന്നി പറഞ്ഞു . തെരഞ്ഞെടുപ്പിൽ മികവുറ്റതും അഭിമാനാർഹവുമായ വിജയം കൈവരിച്ചതിനു പ്രധാനമന്ത്രിയെ അവർ അഭിനന്ദിച്ചു. ഒപ്പം ഇന്ത്യയുടെ വികസനത്തിനും പുരോഗതിക്കും അദ്ദേഹത്തിന് എല്ലാ വിജയവും അവർ ആശംസിക്കുകയും ചെയ്തു.

ദൂരത്താണ് എങ്കിലും , പതിനെട്ടാം നൂറ്റാണ്ടിലും പത്തൊൻപതാം നൂറ്റാണ്ടിലുമായി ഇന്ത്യയിൽ നിന്നും ബ്രസീലിൽ എത്തിയ പഴങ്ങളെയും വസ്ത്രങ്ങളെയും , ഇന്ത്യയിൽ നിന്നും ബ്രസീലില് കൊണ്ടുപോയ ഗിര് പശുക്കളെയും ഉൾപ്പെടെ ഇരു രാജ്യങ്ങളുടെയും ചരിത്രപരവും സാംസ്ക്കാരികപരവുമായ ബന്ധങ്ങളെ ഇരു നേതാക്കളും ഓർക്കുക ഉണ്ടായി .

കൃഷി - ക്ഷീരോത്പാദന ശാസ്ത്രം എന്നിവയിൽ സഹകരണം കൂടുതൽ ആഴമുള്ളതാക്കൽ , പരമ്പരാഗതമായതും പുതുക്കാവുന്നതുമായ ഊർജം, സ്പേസ് ഗവേഷണം നടപ്പാക്കൽ , പ്രതിരോധം, സൈബർ സുരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ കൂടുതല് സഹകരണത്തിനും വ്യാപാരം വൈവിധ്യമുള്ളതാക്കുന്നതിനും വികസിപ്പിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഇരു നേതാക്കളും തീരുമാനിച്ചു . ജി 20 അടക്കമുള്ള അന്താരാഷ്ട്ര ചർച്ചാവേദികള് , ബഹുമുഖ സ്ഥാപനങ്ങൾ എന്നിവയിലെ അവരുടെ സഹകരണം കൂട്ടുന്നതിനും അവർ തീരുമാനിച്ചു. 2015 ഐക്യരാഷ്ട്ര സഭ എഴുപതാം വാർഷിക സമയതോടനുബന്ധിച്ചു , ഐക്യരാഷ്ട്ര സഭയിൽ .സുരക്ഷാ കൌൺസില് ഉൾപ്പെടെയുള്ള മാറ്റങ്ങളിൽ കൂടുതൽ

പുരോഗതി നടപ്പാക്കണം എന്ന് ജി നാല് രാജ്യങ്ങളുടെ നേതാക്കൾ എന്ന നിലയിൽ പ്രധാനമന്ത്രി , മോഡിയും പ്രസിഡണ്ട് റൂസേഫും ആവശ്യപ്പെട്ടു.

അധികം താമസിക്കാതെ പൂർണ ഉഭയകക്ഷി സന്ദർശനത്തിനു തൻ ബ്രസീല് സന്ദർശിക്കുമെന്ന പ്രതീക്ഷ പ്രധാനമന്ത്രി മോഡി പ്രകടിപ്പിക്കുകയും ഇന്ത്യാ സന്ദർശനത്തിനു പ്രസിഡണ്ട് റൊസഫിനെ ഇന്ത്യയിലേക്ക് ക്ഷണിക്കുകയും ചെയ്തു

അവരുടെ ചർച്ചകളെ തുടർന്ന് ഇരു വിഭാഗവും മൂന്നു കരാറുകൾ ഒപ്പ് വച്ചു :

· പരിസ്ഥിതിയിൽ സഹകരണത്തിനുള്ള ധാരണാപത്രം

· ഇന്ത്യൻ റിമോട്ട് സെൻസിംഗ് ഉപഗ്രഹങ്ങളിൽ (Indian Remote Sensing (IRS) Satellites) നിന്നുള്ള വിവരങ്ങൾ സ്വീകരിക്കുന്നതിനും അതിന്റെ പ്രക്രിയകൾക്കും ആവശ്യമായ ബ്രസീലിയൻ എർത്ത് സ്റ്റേഷനുമായി അനുബന്ധ സഹകരണം സ്ഥാപിക്കുന്നതിന് സൌകര്യങ്ങൾ നടപ്പാക്കുന്നതിനുള്ള കരാർ

· കോൺസുലാര് വിഷയങ്ങളിലും കാര്യങ്ങളുടെ ചലനത്തിനും ആവശ്യമായ ചർച്ച സംവിധാനം സ്ഥാപിക്കുവാനുള്ള സഹകരണത്തിനുള്ള ധാരണാ പത്രം

ബ്രസീലിയ ,
16 ജൂലൈ 2014